പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3013 — 21.6.2013-ൽ മറുപടിക്ക്

സസ്റ്റേയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബെന്നി ബെഹനാൻ<br>,, അൻവർ സാദത്ത്<br>,, വി.ഡി.സതീശൻ<br>,, പി.സി.വിഷ്ണുനാഥ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | കേരള സസ്റ്റേയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) | നഗരങ്ങളിലെ അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുക, വിപുലീകരിക്കുക, നഗരവാസികളുടെ ജീവനോപാധികൾ അഭിവൃദ്ധിപ്പെടുത്തുക, നഗരഭരണവും ആസൂത്രണവും കാര്യക്ഷമമാക്കുക, അടിസ്ഥാന സൗകര്യങ്ങളുടേയും സേവനങ്ങളുടേയും സുസ്ഥിര പുരോഗതി ഉറപ്പുവരുത്തുന്നതിന് നഗരസഭകളുടെ സാമ്പത്തികശേഷി ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി) | നഗരവികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) | മഹാനഗരങ്ങളിൽ ശുദ്ധജലവിതരണം, ഖരമാലിന്യ/മലിനജലനിർമ്മാർജ്ജനം, വെള്ളക്കെട്ട് നിവാരണം, ഗതാഗതസൗകര്യവികസനം, ദാരിദ്ര്യലഘൂകരണം, ദരിദ്ര വിഭാഗങ്ങളുടെ ഉപജീവനകാര്യ വിപുലീകരണം തുടങ്ങിയ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| സി) | ഇതിലേക്കായി എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്; | സി) | പദ്ധതിക്ക് 70% ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ധനസഹായമാണ് ലഭിക്കുന്നത്. |
| ഡി) | പ്രോജക്ടിന്റെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ഡി) | പദ്ധതി വിശദമായി നിരീക്ഷിച്ച്, നടപടികൾ അപ്പപ്പോൾ സ്വീകരിക്കുന്നതിന് ഒരു ഉന്നതതല അധികാരസമിതി (Empowered Committee) നിലവിലുണ്ട്. എല്ലാ പദ്ധതിനഗരങ്ങളിലും മേയർമാരുടെ അദ്ധ്യക്ഷതയിൽ, നഗരതല നിയന്ത്രണസമിതികൾ (City Level Steering Committee) രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ അവലോകനത്തിനായി കേന്ദ്രസർക്കാരിന്റെ ധനകാര്യ |

വിഭാഗവും, പദ്ധതി മേധാവിയും എ.ഡി ബിയും ഉൾപ്പെട്ട ത്രികക്ഷി അവലോകന സമ്മേളനം എല്ലാ മൂന്നുമാസത്തിലും നടത്തി വരുന്നു (Tripartiate Portfolio Reveiw Meeting). മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ സർക്കാർ തലത്തിലും, പ്രോജക്ട് ഡയറക്ടർ നിർവ ഹണതലത്തിലും, കാലാകാലങ്ങളിൽ അവലോകനം നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ